സർവ്വകക്ഷിയോഗം കൂടി ഒരു വലിയ സമരത്തിലാണ് ജനങ്ങളും. അങ്ങനെ നാലഞ്ചുകൊല്ലം മുമ്പ് ടെൻഡർ ചെയ്തുകഴിഞ്ഞ ഒരുവട്ടം പണി തുടങ്ങിവച്ചിട്ടുള്ള പ്രവർത്തനം ഇപ്പോഴും നിർത്തിവച്ചിട്ടുണ്ട്. ആ റോഡിന്റെ പ്രവർത്തനം നിർത്തിവച്ചത് ഇതുപോലെ കേസ്സിന്റെ അടിസ്ഥാനത്തിൽ നിർത്താൻ തീരുമാനിച്ചുകൊണ്ടാണോ ? അതല്ലെങ്കിൽ എന്തുകൊണ്ടാണ് ആ റോഡിന്റെ പ്രവർത്തനം ഇന്ന് നടക്കാത്തത് എന്നുപറയാൻ കഴിയുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : അഞ്ചുകൊല്ലം മുമ്പ് നിർത്തിവച്ചതാണെങ്കിൽ 1983 സെപ്റ്റംബർ മാസത്തിലുണ്ടായ ബാൻ പ്രകാരം ആ വർക്ക് എടുക്കണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടാകും.

ശ്രീ. വി. ജെ. തങ്കപ്പൻ : കേസ്സുകളുടെ പേരിൽ നിർത്തിവയ്ക്കപ്പെട്ടിരുന്ന വർക്കുകൾ കേസ്സുതീർന്നു കഴിഞ്ഞാൽ പുനരാരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : മൂന്നുനാലു വർക്കുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു. മറ്റുവർക്കുകൾ അറേഞ്ച് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വിജയദാസ് : വർഷങ്ങളായി നടന്നുവരുന്ന എൻജിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള ഒത്തുകളി അവസാനിപ്പിക്കാൻ എന്ത് സംവിധാനമാണ് ഗവൺമെന്റ് ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : പുതിയ കേസ്സുകളൊന്നും ഇപ്പോൾ ആർബിട്രേഷൻ മുഖേന വരുന്നില്ല, പഴയ കേസ്സുകൾ കഴിയുംവേഗം തീർക്കാനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

ഷാപ്പുലേലം

*399 [459]. ശ്രീ. ടി. കെ. അബ്ദു :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. കെ. മൂസ്സക്കുട്ടി :

ശ്രീമതി പി. ദേവൂട്ടി :

ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളുഷാപ്പുകളുടെയും ചാരായഷാപ്പുകളുടെയും ലേലം സംബന്ധിച്ച് നിലവിലുള്ള നയം എന്താണ് ;

(ബി) കള്ളുഷാപ്പുകൾ ലേലം ചെയ്ത് ഉറപ്പിച്ചതിനുശേഷം വിദേശമദ്യഷാപ്പുകളും ചാരായഷാപ്പുകളും ലേലം ചെയ്യുന്ന തരത്തിൽ ലേലനയം പുനരാവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ലേലകാലാവധി ദീർഘിപ്പിച്ച് കള്ളു പെത്ത് വ്യവസായത്തിലെ അസ്ഥിരത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) സംസ്ഥാനത്തെ മദ്യഷാപ്പുകൾ ലേലം ചെയ്യുന്നത് ഓരോ റെയിഞ്ചിലേയും കള്ള്, ചാരായം, വിദേശമദ്യം (ചില്ലറ) വിദേശമദ്യം (മൊത്തം) എന്നീ മുൻഗണനാക്രമത്തിലാണ്. ഓരോ റെയിഞ്ചിലേയും കള്ളുഷാപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

റേറയായും ചാരായഷാപ്പുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിലുമാണ് ലേലം ചെയ്യുന്നത്. കള്ളുഷാപ്പുകളെ സംബന്ധിച്ചിടത്തോളം ടെൻഡർ ക്ഷണിക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല. ഓരോ ഗ്രൂപ്പ് ചാരായ ഷാപ്പുകളുടേയും ലേലം ആരംഭിക്കുന്നതിനുമുമ്പ് ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ടെൻഡർ ക്ഷണിക്കുന്നതാണ്. ഓരോ ടെൻഡറുകളിലും ടെൻഡർ തുകയുടെ പത്തുശത മാനത്തിൽ കുറയാത്ത തുകയ്ക്കുള്ള ഡിമാൻറ് ഡ്രാഫ്റ്റ് അടക്കംചെയ്തി രിക്കേണ്ടതാണ്. ടെൻഡറുകൾ ലഭിച്ചുകഴിഞ്ഞാൽ പരസ്യലേലം ആരംഭിക്കുന്ന താണ്. ലേലം അവസാനിച്ചാൽ ഏറ്റവും ഉയർന്ന ലേലത്തുകയും ആ തുകയ്ക്ക് ലേലം വിളികേട്ട വ്യക്തിയുടെ പേരും പ്രഖ്യാപിക്കുന്നതും അതിനു ശേഷം ടെൻഡറുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്. ലേലത്തുകയോ. ടെൻഡർ തുകയോ ഏതാണ് ഉയർന്നത് എന്നാൽ അത് സ്വീകരിക്കുന്നതും ലേലംബന്ധപ്പെട്ടവരുടെ പേരിൽ ഉറപ്പിക്കുന്നതുമാണ്.

(ബി) സംസ്ഥാനത്തെ എല്ലാ റേഞ്ചുകളിലേയും കള്ളുഷാപ്പുകൾ പുതിയ സാമ്പത്തിക വർഷാരംഭത്തിനുമുമ്പ് ലേലത്തിൽ പോകാറില്ല, എന്നാൽ സാധാരണയായി ചാരായം, വിദേശമദ്യം എന്നീ ഇനങ്ങളിൽപ്പെട്ട ഷാപ്പുകൾ ലേലത്തിൽ പോകാറുണ്ട്. കള്ളുഷാപ്പുകൾ ലേലംചെയ്ത് ഉറപ്പിച്ചതിനു ശേഷം മാത്രം ചാരായഷാപ്പുകളും വിദേശ മദ്യഷാപ്പുകളും ലേലംചെയ്യുന്ന നയം സ്വീകരിക്കുന്നപക്ഷം സർക്കാരിന് റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുമെന്നുള്ളതുകൊണ്ട് ലേലനയം പുനരാവിഷ്കരിക്കാൻ ഉദ്ദേശമില്ല.

(സി) ലേല കാലാവധി ദീർഘിപ്പിക്കുന്നതിന് ഉദ്ദേശമില്ല.

ശ്രീ. ടി. കെ. അബ്ദു : നമ്മുടെ സംസ്ഥാനം മദ്യനിരോധനം നിലവി ലില്ലാത്ത രാജ്യമാണ്. ഇവിടെ കള്ളുവ്യവസായവുമായി ബന്ധപ്പെട്ട് പതിനായിരക്കണക്കിന് തൊഴിലാളികളും ചെറുകിട തെങ്ങുടമകളും ജീവിച്ചു വരുന്നുണ്ട്. കള്ളച്ചാരായം, വിദേശമദ്യം മുതലായവ പ്രചരിപ്പിക്കുകയെ ന്നുള്ള ഈ ഗവൺമെൻറിൻെറ തെറ്റായ നയത്തിൻെറ ഫലമായി ഇന്ന് കള്ളു വ്യവസായം തകരാറിലാണ്. ഗവൺമെൻറിൻെറ തെറ്റായ നയംമൂലമാണ് ഇതുണ്ടായത്. ഇതിന് ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി കള്ളുഷാപ്പു കൾ ലേലംചെയ്തുകൊടുത്തതിനുശേഷം മാത്രമേ വിദേശമദ്യവും, ചാരായവും ലേലം വിളിക്കാൻ പാടുള്ളൂ എന്ന് ഈ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ കക്ഷികളും ഗവൺമെൻറിനോട് നിവേദനം നടത്തിയിട്ടുണ്ട്. അത്തരത്തിൽ പരീക്ഷണം നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : കള്ളുഷാപ്പുകൾ ലേലം ചെയ്തുകഴിഞ്ഞ് മാത്രമേ ചാരായവും ശീമമദ്യഷാപ്പുകളും ലേലം വിളിക്കാവൂ എന്നുവച്ചാൽ കള്ളുഷാപ്പ് എത്ര തുക കുറച്ചുവിളിച്ചാലും അത് സ്ഥിരപ്പെടുത്തേണ്ടിവരും അല്ലെങ്കിൽ മറ്റ് ഷാപ്പുകളും ലേലത്തിൽ പോകാതെവരും.

ശ്രീ. ടി. കെ. അബ്ദു : ഓരോവർഷവും ലേലം ചെയ്യുന്ന സമ്പ്രദായം മാറ്റി ഒന്നിലധികം വർഷത്തേക്ക്—കാലദൈർഘ്യം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അങ്ങനെയൊരു ആലോചന ഇപ്പോഴില്ല.

ശ്രീമതി കെ. ആർ. ഗൗരി : ചോദ്യം (എ)-ക്ക് ഉത്തരം പറഞ്ഞത് കള്ളു ഷാപ്പുകളുടേയും ചാരായഷാപ്പുകളുടേയും ലേലം സംബന്ധിച്ച് നിലവിലുള്ള നയം എന്താണെന്ന് ചോദിച്ചപ്പോൾ കള്ളും ചാരായവും വിദേശമദ്യവും ലേലം ചെയ്യുമെന്നാണ് പറഞ്ഞത്. രണ്ടാമത്തെ ചോദ്യത്തിന് കള്ളുഷാപ്പ് ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

ലേലംചെയ്യുകയില്ല എന്നുപറഞ്ഞു. രണ്ടും വൈരുദ്ധ്യമായിട്ടുള്ള ഉത്തരമാണ്. (എ)-യിൽ കള്ളുഷാപ്പ് ആദ്യം ലേലംചെയ്യുമെന്നും (ബി)-യിൽ കള്ളുഷാപ്പ് ആദ്യം ലേലംചെയ്യുന്നതു ബുദ്ധിമുട്ടാണെന്നും പറയുകയും ചെയ്യുന്നു. അങ്ങനെ കള്ളുഷാപ്പ് ആദ്യം ലേലംചെയ്യണമെന്ന് 1981-ൽ എടുത്ത തീരുമാനം മാറ്റുന്നതിന് എതിയായ കാരണങ്ങളും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എൻ. ശ്രീനിവാസൻ : കള്ളുഷാപ്പുകളും തന്നെയാണ് ആദ്യം ലേലം ചെയ്യുന്നത്. അത് സ്ഥിരപ്പെടുത്തിയിട്ടു മാത്രമേ മദ്യഷാപ്പുകളും വിളിക്കാവൂ എന്നു പറഞ്ഞാൽ അത് സാദ്ധ്യമല്ല.

ശ്രീമതി കെ. ആർ. ഗൗരി : കള്ളുഷാപ്പിന് ടെൻഡർ ഇല്ലായെന്നു പറഞ്ഞു. ടെൻഡർ നടക്കുന്നുണ്ട്. ഉദാഹരണമായി ചേർത്തലയിൽ ടെൻഡർ നടക്കുന്നുണ്ട്. കള്ളുഷാപ്പുകളിൽ ഉൾക്കൊള്ളുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ജോലിയില്ലാതെയാക്കത്തക്കവിധത്തിൽ കള്ളുഷാപ്പ് ലേലം ചെയ്തത് അതുപിടിക്കാൻ തയ്യാറായി വരുന്നു. ചാരായം—വിദേശമദ്യഷാപ്പ് ഉടമകളും പിടിക്കത്തക്കവിധത്തിൽ ആദ്യം കള്ളുഷാപ്പ് ലേലംചെയ്യുകയും അതിനുശേഷം ചാരായവും വിദേശമദ്യവും ലേലം ചെയ്യാനുള്ള നടപടിയെടുക്കുകയും ചെയ്താൽ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുമെന്ന് ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. എൻ. ശ്രീനിവാസൻ : കള്ളുഷാപ്പുകളും വിറ്റതിനുശേഷമേ ചാരായഷാപ്പുകളും വിളിക്കാവൂ എന്നുവച്ചാൽ കള്ളുഷാപ്പുകളും കുറഞ്ഞ വിലയ്ക്ക് കൊടുക്കേണ്ടിവരും.

ശ്രീ. കെ. മുസ്സക്കുട്ടി : തൊഴിൽ സാദ്ധ്യതകളും കുറഞ്ഞുവരുന്ന നമ്മുടെ സംസ്ഥാനത്ത് ചെത്തു തൊഴിലാളികൾക്ക് തൊഴിലുകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ പരിതസ്ഥിതിയിൽ റവന്യൂ വരുമാനത്തോടൊപ്പം ഈ തൊഴിലാളികൾക്കുകൂടി തൊഴിലുണ്ടാക്കാൻ ഒരു സംവിധാനം എന്ന നിലയ്ക്ക് കള്ളുഷാപ്പുകളും ആദ്യം ലേലംചെയ്തത് ഉറപ്പിച്ചുകൊടുത്തതിനു ശേഷം മറ്റ് മദ്യഷാപ്പുകളും ലേലം ചെയ്യുന്നതിനു എന്താണ് തടസം ?

ശ്രീ. എൻ. ശ്രീനിവാസൻ : ഞാൻ ആവർത്തിച്ചു പറഞ്ഞുകഴിഞ്ഞു. കള്ളുഷാപ്പുകളും ലേലം ചെയ്തു കൊടുത്തിട്ടേ മറ്റ് മദ്യ ഷാപ്പുകളും ലേലം ചെയ്യാവൂ എന്നുവച്ചാൽ കള്ളുഷാപ്പുകളും വിറ്റില്ലെങ്കിൽ,മറ്റ് മദ്യഷാപ്പുകളുടെ ലേലവും നടക്കുകയില്ല. അതല്ലെങ്കിൽ എന്തു കുറഞ്ഞ തുകയ്ക്കാണെങ്കിലും കള്ളുഷാപ്പ് ലേലം ഉറപ്പിച്ചു നിർത്തണം.

ശ്രീ. കെ. മുസ്സക്കുട്ടി : കള്ളുഷാപ്പുകളും ലേലം ചെയ്യാതെ പല സ്ഥലത്തും നിൽക്കുന്നതിന്റെ ഫലമായി ധാരാളം കള്ള് ഉപഷാപ്പുകളും വ്യാജവാറുകളും ഈ രാജ്യത്ത് നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എൻ. ശ്രീനിവാസൻ : കള്ളുഷാപ്പുകളിൽ ചാരായം വിൽക്കുന്നതായി പരാതി വന്നിട്ടുണ്ട്. കള്ളുഷാപ്പുടമകളും കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇത്ര ശതമാനം അവർ വാങ്ങിച്ചുകൊണ്ട് വില്പന നടത്തുകയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് മുഴുവൻ റേഞ്ചുകളിലേയും കള്ളുഷാപ്പുകളും ലേലത്തിൽ പോയിട്ടുണ്ടായെന്നാണ്. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കാനാണ്. കൊല്ലം ജില്ലയിൽ കുന്നത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

റേഞ്ചിലെ ഉപഷാപ്പുകൾ ലേലത്തിൽ പോയിട്ടില്ല. തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും പട്ടിണിയിൽ കിടക്കുകയാണ്. അവരെ ആശ്വസിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അങ്ങനെ കള്ളുഷാപ്പുകൾ ലേലത്തിൽ പോയിട്ടില്ലെങ്കിൽ അവിടത്തെ ചെത്തുതൊഴിലാളികൾക്ക് ലൈസൻസ് കൊടുത്തു ചെത്തിക്കാൻ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ : മദ്യം എടുക്കരുത്, കുടിക്കരുത്, കൊടുക്കരുത്, വിഷമാണെന്നു പറഞ്ഞ സദ് ഗുരുവിന്റെ സന്ദേശവാഹകനാണ് അങ്ങ്. അങ്ങ് ഈ വകുപ്പ് കൈവശപ്പെടുത്തി ചെത്തുതൊഴിലാളികളെ കൊല്ലാക്കൊല ചെയ്യുകയാണ്. അതുകൊണ്ട് അങ്ങ് ഈ വകുപ്പ് കൈവിടാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : യാതൊരു പരാതിയും ഇതുവരെ വന്നിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : കള്ളുഷാപ്പുകൾ ആദ്യം ലേലം ചെയ്യണം, പിന്നീട് ചാരായവും വിദേശമദ്യവും ലേലം ചെയ്യുമെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. ഈ പറയുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ആദ്യം കള്ളുഷാപ്പ് വിളിച്ചതിനു ശേഷമേ മറ്റുള്ള ഷാപ്പുകൾ വിളിക്കാൻ പാടുള്ളൂ, വെറുതെ വ്യവസ്ഥ എഴുതിവച്ചതുകൊണ്ടു കാര്യമില്ല. 1980-81-ൽ ചില കള്ളുഷാപ്പുകൾ ലേലത്തിൽ പോകാത്ത സ്ഥിതിവന്നു. സ്പിരിറ്റ് മുതലായവ കള്ളടത്തു നടത്തിയാൽ കിട്ടുകയില്ല. ലാഭം ഉണ്ടാകുന്നതിന്റെ പുറകേയാണ് കോൺട്രാക്ടർമാർ പോകുന്നത്. ഈ സംസ്ഥാനത്തെ ഇത്രയധികം തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനുമാത്രമല്ല മറ്റ് മദ്യത്തെ അപേക്ഷിച്ച് താരതമ്യേന നിരുപദ്രവകാരിയായ മദ്യം എന്ന നിലയിൽ ഈ തൊഴിൽ നിലനിൽക്കുന്നുവെന്നുള്ളതുകൊണ്ട് അന്ന് ഗവൺമെന്റ് ഇൻസിസ്റ്റ് ചെയ്തതിന്റെ ഫലമായി മറ്റു ഷാപ്പുകൾ വിളിക്കാൻ ആളുണ്ടായി. ലേലത്തിൽ എടുക്കാൻ ആളില്ലായെന്ന് മന്ത്രി പറഞ്ഞത് ശരിയല്ല. രണ്ടുമൂന്ന് ആവർത്തി വിളിച്ചതിന്റെ ഫലമായിട്ടാണ് ചാരായഷാപ്പുകൾ പോലും ലേലത്തിൽ പോകുന്നത്. കള്ളുഷാപ്പുകൾ ലേലത്തിലെടുത്തുകൊണ്ടുതന്നെ ചാരായവും വിദേശമദ്യവും എടുക്കാൻ ആളുകൾ തയ്യാറായി. ആ അനുഭവം നിലവിലുള്ളപ്പോൾ ഇപ്പോൾ അത് റദ്ദാക്കുകയാണ് ഉണ്ടായത്. ചെത്തുതൊഴിലാളികൾക്ക് ലൈസൻസ് കൊടുക്കലാണ് നിർബന്ധമെങ്കിൽ ഈ മന്ത്രിയോട് എന്തെങ്കിലും പോദിച്ചിട്ട് പ്രയോജനമില്ല. കാശ് കൂടുതൽ ഉണ്ടാക്കാനാണ് ഉദ്ദേശമെങ്കിൽ പോദിച്ചിട്ട് കാര്യമില്ല. ഈ ചാരായഷാപ്പുകൾ ഒറ്റക്കൊറ്റക്ക് ലേലം ചെയ്തു വിളിച്ചുകൊടുക്കുകയാണെങ്കിൽ ആളുകൾ എടുക്കാൻ തയ്യാറാകും. കുത്തക കോൺട്രാക്ടർമാർ ഒന്നായി വിളിച്ചെടുക്കുന്നതിനേക്കാൾ പൈസ ഗവൺമെന്റിനു കിട്ടും. ഗ്രൂപ്പായി വിളിച്ചാൽ രണ്ടുമൂന്ന് റേഞ്ചുകൾ ഒരേ കോൺട്രാക്ടർ തന്നെയാണ് വിളിച്ചുകൊണ്ടുപോകുന്നത്. ആ സമ്പ്രദായം മാറ്റി ചാരായഷാപ്പുകൾ ഒറ്റക്കൊറ്റക്കായി ലേലം വിളിക്കണം. രണ്ടിലധികം ചാരായഷാപ്പുകൾ ഒരു കോൺട്രാക്ടർക്ക് കൊടുക്കാതിരിക്കുവാൻ വ്യവസ്ഥയുണ്ടാക്കണം. അങ്ങനെയാണെങ്കിൽ ഇതിനെക്കാൾ കൂടുതൽ പൈസ കിട്ടും; ഗവൺമെന്റ് അതിന് തയ്യാറാകുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ചാരായ ഷാപ്പുകൾ ഒറ്റയ്ക്ക് വിളിക്കാൻ ഇപ്പോൾ ഏർപ്പാടില്ല. ചാരായഷാപ്പുകൾ ലൈസൻസ് ഫീ വാങ്ങിച്ച് കൊടുക്കുന്നകാര്യം ആലോചനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കള്ളുഷാപ്പുകളാണ് പുതിയ ലേല നയമനുസരിച്ചു ലേലം ചെയ്യപ്പെട്ടത്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി കള്ളു വിരോധിയാണെങ്കിലും വിദേശ മദ്യപ്രിയനാണല്ലോ. അത് പരിഗണിച്ച് കള്ളുഷാപ്പുകളും ലേലത്തിൽ പോകാത്ത സ്ഥലങ്ങളിൽ കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വിദേശമദ്യഷാപ്പുകളും ക്ലബ്ബ് ചെയ്തുകൊണ്ട് ലേലം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : എന്റെ രുചികളും അദ്ദേഹത്തിന് അറിയാമെന്നുതോന്നുന്നു. പക്ഷേ ഈ പറഞ്ഞത് ശരിയല്ല.

ഇലക്ട്രിസിറ്റി ബോർഡിൽ സ്ഥലം മാറ്റം സംബന്ധിച്ച ഗൈഡ്ലൈൻസ്

* 400. [460] ശ്രീ. ഒ. ഭരതൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, വി. ജെ. തങ്കപ്പൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിൽ സ്ഥലംമാറ്റം സംബന്ധിച്ച് ഉണ്ടാക്കിയ ഗൈഡ്ലൈൻസ് പാലിക്കപ്പെടുന്നുണ്ടോ ;

(ബി) ഗൈഡ്ലൈൻസിനു വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗൈഡ്ലൈൻസിനു വിരുദ്ധമായി നടത്തിയ സ്ഥലംമാറ്റങ്ങൾ റദ്ദു ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) ഗൈഡ്ലൈൻസിനു വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വ്യക്തമായ പരാതികൾ ലഭിച്ചിട്ടുള്ള കേസുകൾ പുനഃപരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. ഒ. ഭരതൻ : സാധാരണ തൊഴിൽത്തർക്കനിയമം അനുസരിച്ചും കീഴ്വഴക്കം അനുസരിച്ചും ഒരു വ്യവസായസ്ഥാപനത്തിൽ സജീവമായി ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തുന്ന തൊഴിലാളികളെ പ്രൊട്ടക്റ്റഡ് വർക്കർമെൻ എന്നുപറയുന്ന കാറ്റഗറിയിൽ പെടുത്താറുണ്ട്. അങ്ങനെ പ്രൊട്ടക്റ്റഡ് വർക്കർമെൻ കാറ്റഗറിയിൽ പെട്ടിട്ടുള്ള എത്ര ആളുകളെ ഈ അടുത്തകാലത്ത് അവർ സ്ഥിരമായി ജോലി ചെയ്തുവന്നിരുന്ന സ്ഥലങ്ങളിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് ?

ശ്രീ. കെ. എം. മാണി : ബോണഫൈഡിയായിട്ടുള്ള കേസുകളെ സംബന്ധിച്ചിടത്തോളം പ്രൊട്ടക്ഷൻ നൽകിയിട്ടുണ്ട്. അല്ലാത്ത കേസുകളെ സംബന്ധിച്ചിടത്തോളം അതൊരു പ്രത്യേക ചോദ്യമാണ്. അതിന്റെ വിവരം എന്റെ കയ്യിലില്ല.

LIBRARY ARCHIVES Kerala Legislative Assembly